വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

കോവിഡ് സമാശ്വാസ പദ്ധതി

# കോവിഡ് സമാശ്വാസ പദ്ധതി

## കേരളത്തിലെ വ്യവസായ മേഖലയ്ക്കുള്ള ദുരിതാശ്വാസ പാക്കേജ്

KSIDC
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി)

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

Kinfra
INSPIRING GROWTH
കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപറേഷൻ (കിൻഫ്രാ)

കോവിഡ് 19 ന്റെ രണ്ടാം തരംഗം കേരളത്തിലെ സാധാരണ ജീവിതത്തെ വളരെയധികം ബാധിച്ചു. അതിവേഗം സംസ്ഥാനത്ത് അണുബാധ വർദ്ധിച്ചു വന്നത് കാരണം കേരള സർക്കാർ മെയ് 8 മുതൽ സംസ്ഥാനതല ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. ജൂൺ രണ്ടാം വാരം ചില പ്രദേശങ്ങളിൽ ഇളവ് നൽകുകയും ചെയ്തു. ലോക്ക്ഡൗൺ വ്യവസായ മേഖലകളെ സാരമായി ബാധിക്കുകയും എം.എസ്.എം.ഇ കൾക്ക് കനത്ത നഷ്ടം വരുത്തുകയും ചെയ്തു. യഥാർത്ഥ നഷ്ടം കണക്കാക്കിയിട്ടില്ലെങ്കിലും, സർക്കാരിന് ഇവരുടെ ബിസിനസ്സ് മാതൃകയും ലോക്ക്ഡൗൺ പോലുള്ള നടപടികൾ കാരണം ഉണ്ടാകുന്ന ദോഷങ്ങളെ കുറിച്ചും ബോധ്യമുണ്ട്. സംസ്ഥാനത്തെ വ്യാവസായിക യൂണിറ്റുകളെ എത്രയും വേഗം സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാവുകയും വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെയും ഭാഗമായി, കോവിഡ് 19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജിന് രൂപം നൽകി.

**പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസ നടപടികൾ ഉൾപ്പെടുന്നു.**

1. വ്യവസായ ഭദ്രത യിൽ പ്രഖ്യാപിച്ച പലിശ ധനസഹായം സ്കീം 2021 ഡിസംബർ വരെ ഒരു വർഷത്തേക്ക് കൂടി നീട്ടും. ഈ സ്കീം അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കുന്ന എല്ലാ എം.എസ്.എംഇകൾക്കും ഒരു വർഷത്തേക്ക് 50% പലിശ ധനസഹായം നൽകും. ആകെ യോഗ്യമായ സഹായം യൂണിറ്റിന് 1,20,000 രൂപ വരെയാണ്. 5000 എംഎസ്എംഇ കൾക്ക് മൊത്തം 400 കോടി രൂപയുടെ ഈ പാക്കേജ് ആനുകൂല്യം ലഭ്യമാകും.
2. സംരംഭകത്വ സഹായ പദ്ധതി പ്രകാരം സഹായം വർദ്ധിപ്പിക്കുക. പദ്ധതി കാലയളവിൽ, യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന മൊത്തത്തിലുള്ള സബ്സിഡി ചില വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തുന്നു, മുൻഗണന വ്യവസായങ്ങൾക്കും, പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും 30 ലക്ഷം രൂപയിൽ നിന്നു 40 ലക്ഷം രൂപയായി ഉയർത്തുന്നു. ഏകദേശം 3000 യൂണിറ്റ് / സംരംഭകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 445 കോടി രൂപയുടെ പദ്ധതി ആനുകൂല്യം ലഭ്യമാകും. സ്ത്രീകൾ, യുവാക്കൾ, പട്ടികജാതി / പട്ടികവർഗ്ഗം കൂടാതെ ഇ.എസ്.എസ്. മുൻഗണനാ പ്രകാരം പ്രവാസി മലയാളികൾക്കു (എൻ.ആർ.കെ) 25 % പരിഗണന ഈ പദ്ധതി വഴി ലഭ്യമാക്കും. മുൻഗണനാ വ്യവസായ വിഭാഗങ്ങൾ റബ്ബർ അധിഷ്ഠിത, കാർഷിക അധിഷ്ഠിത, ഭക്ഷ്യ സംസ്കരണം, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉൽപാദനം ഉപകരണങ്ങൾ, യന്ത്ര നിർമ്മാണ വ്യവസായങ്ങൾ, ബയോ ടെക്നോളജി വ്യവസായങ്ങൾ, 100% കയറ്റുമതി അധിഷ്ഠിത യൂണിറ്റുകൾ, ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക്, പ്ലാസ്റ്റിക് മാലിന്യ പുനരുപയോഗ വ്യവസായങ്ങൾ, ജൈവ വളം എന്നീ വ്യവസായങ്ങൾക്ക് 45% പരമാവധി സഹായം ലഭിക്കും. സഹായത്തിന്റെ പരിധി 40 ശതമാനമായി ഉയർത്തും പരമാവധി സഹായം 40 ലക്ഷമായിരിക്കും. പിന്നോക്ക ജില്ലകളായ ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട എന്നിവിടങ്ങളിൽ പരമാവധി 45% ശതമാനമായി ഉയർത്തും.
3. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. സേവനമേഖലയിൽ ഉൾപ്പെട്ടിട്ടുള്ള നാനോ യൂണിറ്റുകൾ ഈ പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാകും. ഇതിലൂടെ 600 ഓളം സേവന മേഖലയിലെ നാനോ യൂണിറ്റുകൾക്ക് 60 കോടി രൂപയുടെ മൊത്തം വായ്പ തുക ഉപയോഗിച്ച് മാർജിൻ മണി സഹായം ലഭിക്കാൻ സാധ്യതയുണ്ട്.
4. നാനോ യൂണിറ്റുകൾക്കായി പലിശ ഇളവ് പദ്ധതി. നിലവിൽ 5 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ പലിശ ധനസഹായ പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളെയും ഉൾപ്പെടുത്താൻ ഇപ്പോൾ

നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവന മേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. ഈ പദ്ധതിയുടെ ഫലമായി നാനോ യൂണിറ്റുകൾക്ക് ലഭിക്കുന്ന വായ്പ ഏകദേശം 30 കോടി രൂപയായിരിക്കും.

(ഡി.ഐ.സി യുടെ മൊത്തം സാമ്പത്തിക ബാധ്യത 113 കോടി രൂപയായിരിക്കും)

5. കെ.എസ്.ഐ.ഡി.സിൽ നിന്നും വായ്പ എടുത്ത നിക്ഷേപകർക്ക് കോവിഡ് പ്രതിസന്ധി മൂലം തിരിച്ചടവിന് ബുദ്ധിമുട്ട് നേരിട്ടാൽ വായ്പ പുനർക്രമീകരിച്ച് നോൺ പെർഫോമിംഗ് അസെറ്റ് ലേബൽ ഒഴിവാക്കുന്നതാണ് ഈ പദ്ധതി . ഇതിലൂടെ 179 കോടി രൂപ നിക്ഷേപകർക്ക് യാതൊരു ബാധ്യതയും വരുത്താതെ പുനർക്രമീകരിച്ചു നൽകുന്നു .

6. 2020 ഒക്ടോബർ 1 മുതൽ 2021 മാർച്ച് 31 വരെ ആറുമാസത്തേക്ക് ടോപ്പ്അപ്പ് വായ്പ തിരിച്ചടയ്ക്കുന്നതിന് കെ.എസ്.ഐ.ഡി.സി മൊറട്ടോറിയം അനുവദിച്ചിരുന്നു. ഇപ്പോൾ ഈ മൊറട്ടോറിയം 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേക്ക് കൂടി നീട്ടുന്നു. നീട്ടി നൽകുന്ന ഈ മൊറട്ടോറിയത്തിന്റെ പലിശ മൂന്ന് മാസത്തേക്ക് ഒഴിവാക്കും. (ഇതിൽ കണക്കാക്കപെടുന്ന സാമ്പത്തിക ബാധ്യത 66 ലക്ഷം രൂപയായിരിക്കും)

7. കെ.എസ്.ഐ.ഡി.സി നിക്ഷേപകർക്ക് ഒരു വർഷത്തെ എല്ലാ പിഴ പലിശയും 2021 ഏപ്രിൽ മുതൽ ഒഴിവാക്കും. (കണക്കാക്കിയ സാമ്പത്തിക ബാധ്യത 2 കോടി രൂപയാണ്)

8. കെ.എസ്.ഐ.ഡി.സി ആദ്യമായി 100 കോടി രൂപ എം.എസ്.എം.ഇ കൾക്ക് 5% പലിശയിൽ സോഫ്റ്റ് ലോൺ ആയി കൊടുക്കുന്നതാണ്. 150 കമ്പനികൾക്ക് ഇതിന്റെ പ്രയോജനം ലാഭ്യമാകും എന്നാണ് കണക്കാക്കപെടുന്നത് (ഇതിന്റെ സാമ്പത്തിക ബാധ്യത 2.5 കോടി ആണ്)

9. മടങ്ങി എത്തുന്ന പ്രവാസികൾക്ക് നോർക്ക റൂട്ട്സ് വഴി 5% പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. ഇതിനായി കെ.എസ്.ഐ.ഡി.സി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമൂലം കെ.എസ്.ഐ.ഡി.സിക്ക് പലിശ ഇനത്തിൽ വരുന്ന സാമ്പത്തിക ബാധ്യത നോർക്ക റൂട്ട്സ് നൽകും.

10. കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് 5% പലിശ നിരക്കിൽ കെ.എസ്.ഐ.ഡി.സി പ്രത്യേക വായ്പ നൽകും. ഏകദേശം 100 കോടി രൂപ ഈ പദ്ധതി പ്രകാരം വിതരണം ചെയ്യും. (സാമ്പത്തിക ബാധ്യത 2.5 കോടി രൂപയായിരിക്കും)

11. കെ.എസ്.ഐ.ഡി.സി പാർക്കുകളിലുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തെ വാടക ഒഴിവാക്കും.

12. 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേക്ക് കെ.എസ്.ഐ.ഡി.സി പാർക്കുകളിലുള്ള കോമൺ ഫെസിലിറ്റി ചാർജുകൾ ഒഴിവാക്കും.

13. കെ.എസ്.ഐ.ഡി.സി യിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടവിൽ വീഴ്ച സംഭവിച്ച എല്ലാ നിക്ഷേപകർക്കും 31 ഡിസംബർ 2021 വരെ വായ്പ ക്രമീകരിക്കുന്നതിന് കെ.എസ്.ഐ.ഡി.സി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒ.ടി.എസ്) നടപ്പിലാക്കും

14. വ്യാവസായിക ആവശ്യങ്ങൾക്കായി കെ.എസ്.ഐ.ഡി.സി നൽകുന്ന ഭൂമിയുടെ ആദ്യ ഗഡു മൊത്തവിലയുടെ 20% ആയി തുടരുകയും ബാക്കി 80% അഞ്ച് തുല്യ വാർഷിക ഗഡുക്കളായി പലിശയില്ലാതെ നൽകുകയും ചെയ്യും.

15. കിൻഫ്ര 2021 ഏപ്രിൽ മുതൽ ജൂൺ വരെ മൂന്ന് മാസത്തേക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ നിക്ഷേപകർക്കുള്ള വാടക ഒഴിവാക്കും.

16. കിൻഫ്ര വ്യവസായ പാർക്കുകളിൽ 2020 മാർച്ചിൽ നിലനിന്നിരുന്ന ഭൂമിയുടെ വില തുടർന്നും നിലനിർത്തും. ഭൂമി അനുവദിച്ചവർക്ക് 20% മാർജിൻ പേയ്മെന്റും ബാക്കി തുക അഞ്ച് വർഷത്തെ വാർഷിക ഗഡുക്കളായി പലിശയില്ലാതെയും ലഭിക്കും.

17. കിട്ടാ കടങ്ങളുടെ കുടിശ്ശിക തീർപ്പാക്കാൻ നിക്ഷേപകർക്കായി കിൻഫ്ര ഒരു പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ (ഒ.ടി.എസ്) പദ്ധതി നടപ്പിലാക്കും. (കിൻഫ്രയുടെ മൊത്തം സാമ്പത്തിക ബാധ്യത 8 കോടി രൂപ ആയിരിക്കും)

ഈ പദ്ധതിയുടെ കാലാവധി 2021 ജൂലൈ 1 മുതൽ ഡിസംബർ 31 വരെയായിരിക്കും. ഈ 17 ഇളവുകളും ആനുകൂല്യങ്ങളും 10,700 എം.എസ്.എം.ഇ യൂണിറ്റുകൾക്ക് ഗുണം ചെയ്യും. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 1416 കോടി രൂപയും ബഡ്ജറ്റ് വ്യവസ്ഥകളിൽ 138 കോടി രൂപയുടെയും ധനസഹായം കേരള സർക്കാർ നൽകും.

## കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക


**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
3-ാം നില, വികാസ് ഭവൻ
തിരുവനന്തപുരം-695 033
ഫോൺ: 0471-2302774, ഫാക്സ്: 0471-2305493
ഇ മെയിൽ: industriesdirectorate@gmail.com
www.industry.kerala.gov.in

KSIDC
**കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.ഡി.സി)**
റ്റി.സി 11/266, കെസ്റ്റൺ റോഡ്, കവടിയാർ
തിരുവനന്തപുരം-695 003
ഫോൺ: 0471-2318922, ഫാക്സ്: 0471-2315893
ഇ മെയിൽ: enquiry@ksidcmail.org
www.ksidc.org

kinfra
INSPIRING GROWTH
**കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപറേഷൻ (കിൻഫ്രാ)**
കിൻഫ്രാ ഹൗസ്. റ്റി.സി 31/2312
ശാസ്തമംഗലം, തിരുവനന്തപുരം-695 010
ഫോൺ: 0471-2726585, ഫാക്സ്: 0471-2724773
ഇ മെയിൽ: mail@kinfra.org
www.kinfra.org